പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3583 08.11.2019-ലെ മറുപടിക്ക്

## റാന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകൾ

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ എത്ര ബസ്സുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ എത്ര ബസ്സുകൾ നിലവിൽ ഇവിടെ നിന്നും സർവ്വീസ് നടത്തുന്നുണ്ട്; | (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 15 ആർ.റ്റി.സി ബസ്സുകളും, 2 കെ.യു.ആർ.റ്റി.സി ബസ്സുകളുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിൽ 9 ഫാസ്റ്റ് പാസഞ്ചറും, 6 ഓർഡിനറിയും, 2 ജൻറം ബസ്സുകളുമാണുള്ളത്. നിലവിൽ റാന്നി ഓപ്പറേറ്റിംഗ് സെൻററിൽ നിന്നും 13 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. 4 ബസ്സുകൾ ഡോക്കിലാണ്. |
| (ബി) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും എത്ര സർവ്വീസുകളാണ് നിലവിലുള്ളത്; ഇതിൽ ദീർഘദൂര സർവ്വീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | റാന്നി ഓപ്പറേറ്റിംഗ് സെൻററിൽ നിന്നും നിലവിൽ 13 സർവ്വീസുകൾ നടത്തിവരുന്നു. ദീർഘദൂര സർവ്വീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 15.45 തൃശ്ശൂർ<br>2. 04.30 അമൃത മെഡിക്കൽ കോളേജ്<br>3. 05.00 ചെറുകോൽപുഴ-തിരുവനന്തപുരം<br>4. 05.10 മുണ്ടക്കയം-തിരുവനന്തപുരം<br>5. 05.10 പത്തനംതിട്ട-തിരുവനന്തപുരം<br>6. 06.45 പൊൻകുന്നം-കോഴിക്കോട്<br>7. 19.30 ആങ്ങാമുഴി-എറണാകുളം |
| (സി) | മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ ഇവിടെ നിന്നും കൂടുതൽ | (സി) | കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള |

| | | | |
|---|---|---|---|
| | ദീർഘദൂര സർവ്വീസുകളും ഇന്റർസ്റ്റേറ്റ് സർവ്വീസുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ റാന്നിയിൽ നിന്നും അന്തർസംസ്ഥാന സർവ്വീസുകൾ പുതുതായി ആരംഭിക്കുവാൻ കഴിയുകയില്ല. കൂടുതൽ ദീർഘദൂര സർവ്വീസുകൾ മലയോര മേഖലകളിൽ നിന്നും ആരംഭിക്കണമെന്ന ആവശ്യം യാത്രക്കാരുടെ സൗകര്യവും, കോർപ്പറേഷന്റെ മെച്ചപ്പെട്ട വരുമാനവും ഉറപ്പ് വരുത്തി സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**